## നിങ്ങൾക്ക് എന്തുചെയ്യാൻ കഴിയും

1. **ലക്ഷണങ്ങൾ മനസ്സിലാക്കുക.** ഞങ്ങളുടെ സൂചനാ കാർഡുകൾ ഓർഡർ ചെയ്യുക, അവ പ്രധാനപ്പെട്ട ലക്ഷണങ്ങൾ പട്ടികയായി 17 ഭാഷകളിൽ നൽകുന്നതും പഴ്സിൽ വയ്ക്കാൻ സൗകര്യപ്രദവുമാണ്. നിങ്ങളുടെ പ്രദേശത്തെ ആളുകൾക്ക് ഈ കാർഡ് വിതരണം ചെയ്യാവുന്നതാണ്. ആദ്യ വിവരങ്ങൾ നൽകുന്നവർക്കും, ആരോഗ്യ പരിപാലന ദാതാക്കൾക്കും ഉപകാരപ്രദമാകുന്ന തരത്തിൽ ഞങ്ങൾ സൂചക കാർഡുകൾ തയ്യാറാക്കിയിട്ടുണ്ട്. കൂടുതലറിയാൻ സന്ദർശിക്കുക: *www.dhs.gov/bluecampaign*.

2. **വിവരങ്ങൾ റിപ്പോർട്ട് ചെയ്യുക.** മനുഷ്യക്കടത്തിന്റെ ഇരയാണെന്ന് സംശയിക്കപ്പെടുന്ന ആരെയെങ്കിലും നിങ്ങൾ കണ്ടെത്തുന്നു അല്ലെങ്കിൽ നിങ്ങൾ നിയമം നടപ്പാക്കുന്ന ഏജൻസിയിൽ പ്രവർത്തിക്കുകയാണ്, ഒപ്പം നിങ്ങളുടെ പ്രദേശത്തെ എച്ച്എസ്ഐയുമായി ബന്ധപ്പെടാൻ നിങ്ങൾ ആഗ്രഹിക്കുന്നു എങ്കിൽ, ഇനിപ്പറയുന്ന നമ്പറിയിൽ **എച്ച്എസ്ഐ ടിപ്ലൈനിലേക്ക് വിളിക്കുക:**

   - **(866) 347-2423** (യുഎസിൽ നിന്നും, കാനഡയിൽ നിന്നും ടോൾ-ഫ്രീയാണ്)
   - **(802) 872-6199** (ലോകത്തിൽ മറ്റെവിടെ നിന്നും ടോൾ-ഫ്രീ അല്ലാതെ വിളിക്കാം)
   - അല്ലെങ്കിൽ *www.ice.gov/tips* സന്ദർശിച്ചുകൊണ്ട് ഓൺലൈനായി വിവരങ്ങൾ റിപ്പോർട്ട് ചെയ്യുക (എവിടെ നിന്നും ഇന്റർനെറ്റ് വഴി)

   മനുഷ്യക്കടത്തിനെ കുറിച്ച് നിങ്ങൾ റിപ്പോർട്ട് ചെയ്യുന്ന വിവരങ്ങൾ സ്വീകരിക്കുന്നതിനും, രാജ്യത്തിൽ ഉടനീളവും ആഗോളാടിസ്ഥാനത്തിലും പ്രവർത്തിക്കുന്നതും, ഡ്യൂട്ടിയിലുള്ളതുമായ മനുഷ്യക്കടത്ത് അന്വേഷകർക്ക് എത്രയും പെട്ടെന്ന് ഈ വിവരങ്ങൾ നൽകുന്നതിനും, ദിവസത്തിൽ 24 മണിക്കൂറും ആഴ്ചയിൽ 7 ദിവസവും ഉയർന്ന പരിശീലനം ലഭിച്ചിട്ടുള്ള നിയമം നടപ്പാക്കുന്ന വിദഗ്ധർ ലഭ്യമായിരിക്കും. പേരും, വിലാസവും അറിയിക്കാതെ തന്നെ ഓൺലൈൻ ഫോം ഉപയോഗിച്ചും, ടോൾ-ഫ്രീ ടിപ്ലൈനിലേക്ക് വിളിച്ചും നിങ്ങൾക്ക് വിവരങ്ങൾ റിപ്പോർട്ട് ചെയ്യാം.

   **ഇനിപ്പറയുന്ന കാര്യങ്ങൾക്കായി, നാഷണൽ ഹ്യൂമൻ ട്രാഫിക്കിംഗ് റിസോഴ്സ് സെന്ററിനെ (എൻഎച്ച്ടിആർസി) 1-888-373-7888 എന്ന നമ്പറിൽ വിളിക്കുക:**

   - നിങ്ങളുടെ പ്രദേശത്തെ ഒരു സേവന ദാതാവിന്റെ സഹായം ലഭിക്കുന്നതിനും, ബന്ധപ്പെടുന്നതിനും;
   - മനുഷ്യക്കടത്താകാൻ സാധ്യതയുള്ള പ്രവർത്തനത്തെ കുറിച്ചുള്ള വിവരം നൽകുന്നതിന്; അല്ലെങ്കിൽ
   - പരിശീലനമോ സാങ്കേതിക സഹായമോ അഥവാ സാധനസാമഗ്രികളോ അഭ്യർത്ഥിക്കുക വഴി കൂടുതലറിയുന്നതിന്.

   രാജ്യത്ത് എവിടെനിന്നും ദിവസത്തിൽ 24 മണിക്കൂറും, ആഴ്ചയിൽ 7 ദിവസവും, വർഷത്തിൽ എല്ലാ ദിവസവും കോളുകൾക്ക് മറുപടി നൽകുന്നതിനായി ലഭ്യമായിട്ടുള്ള ദേശീയ, ടോൾ-ഫ്രീ ഹോട്ട്ലൈനാണ് എൻഎച്ച്ടിആർസി. നിയമം നടപ്പാക്കുന്ന അതോറിറ്റിയോ, ഇമിഗ്രേഷൻ അതോറിറ്റിയോ അല്ലാത്ത എൻഎച്ച്ടിആർസിയുടെ പ്രവർത്തനങ്ങൾ നടത്തുന്നത് ഒരു സർക്കാരേതര സംഘടനയാണ്.

3. **നിങ്ങളുടെ പ്രദേശത്തെ ഹോംലാൻഡ് സെക്യൂരിറ്റി ഇൻവെസ്റ്റിഗേഷൻസിനെ (എച്ച്എസ്ഐ) അടുത്തറിയുക.** നിങ്ങളുടെ പ്രദേശത്ത് പ്രവർത്തിക്കുന്ന എച്ച്എസ്ഐ സ്പെഷ്യൽ ഏജന്റുമാരുമായും, വിക്റ്റിം അസിസ്റ്റൻസ് സ്പെഷ്യലിസ്റ്റുകളുമായും ബന്ധപ്പെടുന്നതിന് എച്ച്എസ്ഐ ടിപ്ലൈനിലേക്ക് വിളിക്കുക,

   അവരുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിന് നിലവിൽ നിങ്ങളുടെ പക്കൽ കേസുകളൊന്നും ഇല്ലെങ്കിലും, അവരുമായി ഒരു ബന്ധം സ്ഥാപിക്കുക. ലീഡുകൾ ചികഞ്ഞെടുക്കുന്നതിന് സഹകരിച്ച് പ്രവർത്തിക്കുക, കൂടാതെ കേസ് വിവരവും, സൂചനകളും പങ്കിടുക.

4. **നിങ്ങളുടെ പ്രദേശത്തെ ടാസ്ക് ഫോഴ്സിനെ അടുത്തറിയുക.** ഫെഡറൽ, സ്റ്റേറ്റ്, പ്രാദേശിക, കൗണ്ടി, ട്രൈബൽ നിയമം നടപ്പാക്കുന്ന ഏജൻസികളും പ്രോസിക്യൂട്ടർമാരും ഇരകൾക്ക് സേവനം നൽകുന്ന എൻജിഒകളും ഉൾപ്പെടുന്നതാണ് ഹ്യൂമൻ ട്രാഫിക്കിംഗ് ടാസ്ക് ഫോഴ്സ്. നിങ്ങളുടെ പ്രദേശത്ത് ഒരു ഹ്യൂമൻ ട്രാഫിക്കിംഗ് ടാസ്ക് ഫോഴ്സ് ഉണ്ടോ എന്ന് അറിയാൻ സന്ദർശിക്കുക, *www.bja.gov*. ഉണ്ടെങ്കിൽ, അവരുമായി ബന്ധം സ്ഥാപിക്കുക, അവരുടെ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുക.

5. **നിങ്ങൾക്കും, സഹപ്രവർത്തകർക്കും അവബോധം പകരുക.** നിയമം നടപ്പാക്കുന്ന ഏതെങ്കിലും ഏജൻസിയിലാണ് നിങ്ങൾ ജോലി ചെയ്യുന്നതെങ്കിൽ, കമ്പ്യൂട്ടർ അധിഷ്ഠിതവും സൗജന്യവുമായ പരസ്പരം ആശയ വിനിമയം നടത്തുന്നതുമായ പരിശീലനത്തിൽ പങ്കെടുത്ത് പുതിയ ചോദ്യം ചെയ്യൽ - അന്വേഷണ തന്ത്രങ്ങൾ മനസ്സിലാക്കിയെടുക്കുക, കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ ഈ പരിശീലനം നിങ്ങളെ സഹായിക്കും. സന്ദർശിക്കുക: *www.fletc.gov/training/programs/human-trafficking-training-program*. നിങ്ങൾ ആദ്യ വിവരങ്ങൾ നൽകുന്ന വ്യക്തിയാണെങ്കിലോ, ആരോഗ്യ പരിപാലന പ്രൊഫഷണലാണെങ്കിലോ, ഞങ്ങളുടെ പൊതുവായ ഓൺലൈൻ പരസ്പരം ആശയ വിനിമയം നടത്തുന്ന പരിശീലനത്തിൽ പങ്കെടുക്കുക, ആദ്യം വിവരം നൽകുന്നതുമായി ബന്ധപ്പെട്ട വീഡിയോ കാണുക. സന്ദർശിക്കുക: *www.dhs.gov/Bluecampaign*.

6. **ബ്ലൂ കാമ്പെയിൻ വെബ്സൈസറ്റ് സന്ദർശിക്കുക.** കൂടുതൽ പരിശീലനത്തിനും സാധനസാമഗ്രികൾ, ഇരകളെ പിന്തുണയ്ക്കുന്നതിനുള്ള മെറ്റീരിയലുകൾ, മനുഷ്യക്കടത്ത് അവസാനിപ്പിക്കാനുള്ള പോരാട്ടത്തിൽ നിങ്ങൾക്ക് എങ്ങനെ ചേരാൻ കഴിയും എന്നതിനെ കുറിച്ചുള്ള വിവരങ്ങൾ എന്നിവ അറിയുന്നതിന് സന്ദർശിക്കുക: *www.dhs.gov/Bluecampaign*. ഇനിപ്പറയുന്ന ലിങ്ക് സന്ദർശിച്ച് ഫേസ്ബുക്കിൽ ഞങ്ങളെ "ലൈക്കുചെയ്യുക": *www.facebook.com/bluecampaign*. അല്ലെങ്കിൽ, ഇമെയിൽ അയയ്ക്കുക, *BlueCampaign@hq.dhs.gov*.

ഇരയാരാണെന്ന് മനസ്സിലാക്കൽ

നിയമം നടപ്പാക്കുന്ന ഏജൻസികൾ, ആദ്യ വിവരം നൽകുന്നവർ, ആരോഗ്യപരിപാലന പ്രൊഫഷണലുകൾ



# നിങ്ങൾക്ക് എന്തുചെയ്യാൻ കഴിയും?

***ഇരകളെ തിരിച്ചറിയാം, മനുഷ്യക്കടത്താണെന്ന് സംശയിക്കപ്പെടുന്ന കേസുകൾ റിപ്പോർട്ടുചെയ്യാം***

BLUE CAMPAIGN
One Voice. One Mission. End Human Trafficking.

# നിങ്ങൾക്ക് എന്തുചെയ്യാൻ കഴിയും?

*ഇരകളെ തിരിച്ചറിയാം, മനുഷ്യക്കടത്താണെന്ന് സംശയിക്കപ്പെടുന്ന കേസുകൾ റിപ്പോർട്ടുചെയ്യാം*

## ഇരകൾ നിങ്ങളുടെ കൺമുന്നിൽ തന്നെ ഉണ്ടാകാം

ജോലിയുമായി ബന്ധപ്പെട്ട നിങ്ങളുടെ ചുമതലകൾ നിങ്ങൾ നിർവഹിക്കുന്നതിനിടെ മനുഷ്യക്കടത്തിന്റെ സാധ്യതയുള്ള ഇരകളെ നിങ്ങൾ കണ്ടുമുട്ടിയേക്കാം. മനുഷ്യക്കടത്തിന്റെ ഇരകൾ നമ്മുടെ സമൂഹത്തിലുമുണ്ട്. നിയമം നടപ്പാക്കുന്ന ഏജൻസികളിലെ ഉദ്യോഗസ്ഥർ, വഴക്കോ അടിപിടിയോ നടന്ന വീടുകൾ സന്ദർശിക്കുമ്പോഴോ, മസ്സാജ് പാർലറുകൾ, ബാറുകൾ, നഗ്നതാ പ്രദർശനം നടത്തുന്ന ക്ലബുകൾ എന്നിവയിൽ ഉണ്ടാകുന്ന സംഭവവികാസങ്ങൾ അന്വേഷിക്കുമ്പോഴോ പതിവായുള്ള റോന്തുചുറ്റൽ വേളയിലോ ഇരകളെ കണ്ടെത്താനിടയുണ്ട്. അടിയന്തിര സാഹചര്യങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുമ്പോഴോ, ആശുപത്രിയിൽ അല്ലെങ്കിൽ ഡോക്ടറുടെ ഓഫീസിൽ രോഗികളെ ചികിത്സിക്കുമ്പോഴോ, ആദ്യം വിവരം നൽകുന്നവർക്കും, ആരോഗ്യപരിപാലന പ്രൊഫഷണലുകൾക്കും സൂചനകൾ ലഭിച്ചേക്കാം. റെസ്റ്റോറന്റുകളിലും, ഫാക്ടറികളിലും, നിർമ്മാണ സൈറ്റുകളിലും അല്ലെങ്കിൽ ഫാമുകളിലും ആരോഗ്യ - സുരക്ഷാ ഉദ്യോഗസ്ഥർക്ക് ഇരകളെ കണ്ടെത്താനായേക്കാം.

## മനുഷ്യക്കടത്തിന്റെ ഇരകൾ ഏത് പ്രായത്തിലുള്ളവരും വംശത്തിലുള്ളവരും ലിംഗഭേദമുള്ളവരും, അമേരിക്കൻ പൗരന്മാർ അടക്കം, ഏത് രാഷ്ട്രത്തിൽനിന്നുള്ളവരും ആകാം

അവർക്ക് നിയമപരമായ ഇമിഗ്രേഷൻ സ്റ്റാറ്റസ് ഉണ്ടായിരിക്കാം അല്ലെങ്കിൽ ഇല്ലായിരിക്കാം. ഇരകൾ, നിയമപരമായതോ അല്ലാത്തതോ ആയ തൊഴിലാളി വിഭാഗത്തിൽ പെട്ടവരായി കാണാറുണ്ട്; ചിലരാകട്ടെ, നല്ല വേതനം ലഭിക്കുന്ന ജോലി വാഗ്ദാനത്തിൽ പെട്ടോ പ്രണയ നാടകത്തിൽ വശീകരിക്കപ്പെട്ടോ ഇരകളായവരാണ്. പലപ്പോഴും ഇവരെ, ബലം പ്രയോഗിച്ചോ ഭീഷണിപ്പെടുത്തിയോ, വീട്ടുജോലി, ഫാം - ഫാക്ടറി തൊഴിൽ അല്ലെങ്കിൽ മറ്റുതരത്തിലുള്ള നിർബന്ധിത ജോലി അല്ലെങ്കിൽ വാണിജ്യാടിസ്ഥാനത്തിലുള്ള ലൈംഗികത (വേശ്യാവൃത്തി) എന്നീ ജോലികൾ ചെയ്യിക്കുന്നു. ഫെഡറൽ നിയമം അനുസരിച്ച്, വാണിജ്യാടിസ്ഥാനത്തിലുള്ള ലൈംഗികവൃത്തി ചെയ്യാൻ പ്രേരിപ്പിക്കപ്പെടുന്ന ഓരോ പ്രായപൂർത്തിയാകാത്ത വ്യക്തിയും മനുഷ്യക്കടത്തിന്റെ ഇരയാണ്.

## മനുഷ്യക്കടത്തുകാരുടെ പ്രവർത്തനരീതി

കുറവ് സാമൂഹിക സുരക്ഷാ വലയം ഉള്ളവരെയോ അല്ലെങ്കിൽ ഒട്ടും ഇല്ലാത്തവരെയോ ആണ് മനുഷ്യക്കടത്തുകാർ ഉന്നം വയ്ക്കുക. സാമ്പത്തിക കഷ്ടപ്പാട്, വീട്ടിൽ വഴക്ക്, പ്രകൃതി ദുരന്തങ്ങൾ അല്ലെങ്കിൽ രാഷ്ട്രീയമായ അസ്ഥിരാവസ്ഥ അടക്കമുള്ള പല കാരണങ്ങൾ കൊണ്ടും വശീകരിക്കപ്പെടാവുന്ന ആളുകളെയാണ് മനുഷ്യക്കടത്തുകാർ നോട്ടമിടുക. ഇരകളെ വലയിലാക്കാൻ, ബലപ്രയോഗവും അക്രമഭീഷണിയും മനശ്ശാസ്ത്രപരമായ ഭീഷണിയും അടക്കം, പലതരം തന്ത്രങ്ങൾ മനുഷ്യക്കടത്തുകാർ പയറ്റുന്നു. ഈ തന്ത്രങ്ങൾ ഇരയിൽ സൃഷ്ടിക്കുന്ന മാനസികാഘാതം വളരെ വലുതായിരിക്കും, അതിനാൽ തന്നെ മിക്കവരും തങ്ങൾ ഇരകളാണെന്ന് തിരിച്ചറിയില്ല, പൊതുജന മധ്യത്തിലാണെങ്കിൽ പോലും, സഹായം ചോദിക്കുകയുമില്ല.

## മനുഷ്യക്കടത്തിന്റെ ലക്ഷണങ്ങൾ

പ്രധാന സൂചകങ്ങൾ തിരിച്ചറിഞ്ഞാൽ ഒരു ജീവിതം രക്ഷിക്കാൻ കഴിയും. ഇരകളെ തിരിച്ചറിയുന്നതിലെ ആദ്യപടി ഇതാണ്. താഴെ വിവരിച്ചിട്ടുള്ള എല്ലാ സൂചകങ്ങളുടെയും സാന്നിധ്യം, എല്ലാ മനുഷ്യക്കടത്ത് സാഹചര്യങ്ങളിലും ഉണ്ടാകണമെന്നില്ല. ഏതെങ്കിലും സൂചകത്തിന്റെ സാന്നിധ്യമോ അസാന്നിധ്യമോ മനുഷ്യക്കടത്തിന്റെ തെളിവ് ആയിക്കൊള്ളണമെന്നില്ല.

നിയമം നടപ്പാക്കുന്ന ഏതെങ്കിലും ഏജൻസിയിലാണ് നിങ്ങൾ ജോലി ചെയ്യുന്നതെങ്കിൽ, ഒരു കേസന്വേഷണത്തിൽ സഹകരിച്ച് പ്രവർത്തിക്കുന്നതിനോ ഒരു വിവരം റിപ്പോർട്ട് ചെയ്യുന്നതിനോ നിങ്ങളുടെ പ്രദേശത്തെ ഹോംലാൻഡ് സെക്യൂരിറ്റി ഇൻവെസ്റ്റിഗേഷൻസുമായോ (എച്ച്എസ്ഐ), ഫീൽഡ് ഓഫീസ് ഹ്യൂമൻ ട്രാഫിക്കിംഗ് ടാസ്ക് ഫോഴ്സുമായോ ദയവായി ബന്ധപ്പെടുക. മനുഷ്യക്കടത്ത് അന്വേഷിക്കുന്നതും കടത്തുകാരെ അറസ്റ്റ് ചെയ്യുന്നതും എച്ച്എസ്ഐയുടെ ഉത്തരവാദിത്തമാണ്. നിങ്ങളുടെ സൂപ്പർവൈസറെ വിവരങ്ങൾ അറിയിക്കാനോ, കേസുമായി ബന്ധപ്പെട്ട് ശരിയായ പ്രാദേശിക നിയന്ത്രണാധികാരികളെ ബന്ധപ്പെടുന്നതിനോ നിങ്ങൾ പിന്തുടരേണ്ട സ്ഥാപന നിർദ്ദിഷ്ട പെരുമാറ്റച്ചട്ടം ഉണ്ടായേക്കാം. ആദ്യം പ്രതികരിക്കുന്നയാൾ നിങ്ങളാണെങ്കിൽ ദയവായി വിവരം റിപ്പോർട്ട് ചെയ്യുക. നിങ്ങളുടെ സുരക്ഷയും, ഒപ്പം ഇരയുടെ സുരക്ഷയും പരമപ്രധാനമാണ്. **നിയമം നടപ്പാക്കുന്ന ഏതെങ്കിലും ഏജൻസിയിൽ നിങ്ങൾ ജോലി ചെയ്യുന്നില്ലെങ്കിൽ, മനുഷ്യക്കടത്തുകാരനാണെന്ന് സംശയിക്കപ്പെടുന്ന വ്യക്തിയെ നേരിട്ട് എതിർക്കാനോ നിങ്ങളുടെ സംശയത്തെ കുറിച്ച് ഇരയ്ക്ക് മുന്നറിയിപ്പ് നൽകാനോ ശ്രമിക്കരുത്.**

## തൊഴിൽ അല്ലെങ്കിൽ സേവന സൂചകങ്ങൾ

- വ്യക്തിയെ ജോലിക്കെടുത്തത് ഒരു ഉദ്ദേശ്യത്തിനും, നിർബന്ധിച്ച് പണിയെടുപ്പിക്കുന്നത് മറ്റേതെങ്കിലും തൊഴിലിനും ആണോ?
- ആരോപിക്കപ്പെടുന്ന കടങ്ങൾ അടയ്ക്കുന്നതിന് വ്യക്തിയുടെ ശമ്പളത്തിൽ കൈവയ്ക്കുന്നുണ്ടോ?
- ലൈംഗിക പ്രവൃത്തികൾ ചെയ്യാൻ വ്യക്തിയെ നിർബന്ധിച്ചിട്ടുണ്ടോ? പ്രായപൂർത്തിയാകാത്ത വ്യക്തി, വാണിജ്യാടിസ്ഥാനത്തിലുള്ള ലൈംഗിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ടോ?
- വ്യക്തി അമിതമായി നീണ്ട സമയമോ ഒപ്പം/അല്ലെങ്കിൽ അസാധാരണമായ സമയത്തോ ജോലി ചെയ്യുന്നുണ്ടോ?
- സാഹചര്യത്തിന് അല്ലെങ്കിൽ ചെയ്യുന്ന ജോലിക്ക് അനുയോജ്യമല്ലാത്ത വസ്ത്രമാണോ വ്യക്തി ധരിച്ചിരിക്കുന്നത്?

## നിയന്ത്രണ സൂചകങ്ങൾ

- വ്യക്തിപരിചയ - യാത്രാ രേഖകൾ വ്യക്തിയുടെ കൈവശം തന്നെയാണോ ഉള്ളത്; അല്ലെങ്കിൽ, രേഖകൾ ആരുടെ നിയന്ത്രണത്തിലാണ്?
- ആരെങ്കിലും പരിശീലിപ്പിച്ച പ്രകാരമാണ് വ്യക്തി സംസാരിക്കുന്നതെന്ന് തോന്നുന്നുണ്ടോ? സാഹചര്യങ്ങൾ നിയന്ത്രിക്കുന്ന ആളാണെന്ന് തോന്നിപ്പിക്കുന്ന മറ്റാർക്കെങ്കിലും ഒപ്പമാണോ വ്യക്തി?
- അപായപ്പെടുത്തുമെന്ന് വ്യക്തിയെയോ, വ്യക്തിയുടെ കുടുംബത്തെയോ ഭീഷണിപ്പെടുത്തിയിട്ടുണ്ടോ?
- ഭയമോ, ഭീരുത്വമോ അമിതമായ വിധേയത്വമോ വ്യക്തി കാണിക്കുന്നുണ്ടോ?
- നാടുകടത്തുമെന്നോ, നിയമ നടപടി ഉണ്ടാകുമെന്നോ വ്യക്തിയെ ഭീഷണിപ്പെടുത്തിയിട്ടുണ്ടോ?
- വ്യക്തിക്ക് ആശയക്കുഴപ്പമോ ഭയമോ ഉണ്ടോ, അഥവാ അവർ മാനസികവും ശാരീരികവുമായി ദുരുപയോഗിക്കപ്പെട്ടതിന്റെ ലക്ഷണങ്ങൾ കാണിക്കുന്നുണ്ടോ?
- സുഹൃത്തുക്കളുമായോ, കുടുംബവുമായോ ബന്ധപ്പെടാൻ വ്യക്തിക്ക് സ്വാതന്ത്ര്യം ഉണ്ടോ?
- സ്വതന്ത്രമായി സാമൂഹിക ബന്ധങ്ങൾ കാത്തുപരിപാലിക്കാനോ, മതപരമായ ചടങ്ങുകളിൽ സംബന്ധിക്കാനോ വ്യക്തിയെ അനുവദിക്കുന്നുണ്ടോ?

## ജീവിതാന്തരീക്ഷ സൂചകങ്ങൾ

- വ്യക്തിക്ക് അവശ്യം വേണ്ട സാധനങ്ങളുടെ കുറവുണ്ടോ, സുസ്ഥിര ജീവിത സാഹചര്യം ഇല്ലാത്ത തരത്തിൽ വ്യക്തി കാണപ്പെടുന്നുണ്ടോ?
- വ്യക്തിക്ക് സഞ്ചാര/ചലന സ്വാതന്ത്ര്യം ഉണ്ടോ? വ്യക്തിക്ക് താമസിക്കുന്നിടത്ത് സ്വതന്ത്രമായി ജീവിക്കാനാകുന്നുണ്ടോ? ന്യായമല്ലാത്ത സുരക്ഷാ മുൻകരുതലുകൾ ഉണ്ടോ?
- ഭക്ഷണം, വെള്ളം, ഉറക്കം, വൈദ്യ പരിചരണം അല്ലെങ്കിൽ ജീവിക്കാനുള്ള അടിസ്ഥാന ആവശ്യകതകൾ എന്നിവ വ്യക്തിക്ക് നിഷേധിക്കപ്പെട്ടിട്ടുണ്ടോ?

## യാത്രാ സൂചകങ്ങൾ

- എവിടേക്കാണ് പോകേണ്ടത് എന്ന് വ്യക്തിക്ക് അറിയാമോ? അല്ലെങ്കിൽ, ലക്ഷ്യസ്ഥാനത്ത് എങ്ങനെ എത്തിച്ചേരുമെന്ന് വ്യക്തിക്ക് അറിയാമോ?
- ലക്ഷ്യസ്ഥാനത്ത് എത്തുമ്പോൾ ആരെയാണ് കാണുകയെന്ന് അവൻ അഥവാ അവൾക്ക് അറിയാമോ?
- ശരിയായ മാതാപിതാക്കളോ, രക്ഷാകർത്താവോ അല്ലാത്ത ഒരാളോടൊപ്പമാണോ കുട്ടി യാത്ര ചെയ്യുന്നത്?

## വൈദ്യപരമായ സൂചകങ്ങൾ

- വ്യക്തിക്ക് പാടുകളോ, പൊള്ളലുകളോ, അംഗച്ഛേദമോ, അണുബാധകളോ ഉണ്ടോ?
- വൈദ്യ ചരിത്രം നൽകുന്നതിൽ നിന്ന് അവനെ അഥവാ അവളെ തടഞ്ഞിട്ടുണ്ടോ അല്ലെങ്കിൽ വ്യക്തി നൽകുന്നത് പരിമിതമായ വൈദ്യ വിവരങ്ങളാണോ?
- മൂത്രമൊഴിക്കാൻ ബുദ്ധിമുട്ട്, വസ്തിപ്രദേശത്ത് വേദന, ഗർഭം അല്ലെങ്കിൽ മലാശയവുമായി ബന്ധപ്പെട്ട് ബുദ്ധിമുട്ടുകൾ എന്നിവ വ്യക്തിക്കുണ്ടോ?
- എന്തെങ്കിലും വിട്ടുമാറാത്ത പുറംവേദന, കേൾവിക്കുറവ്, ഹൃദയധമനി സംബന്ധമായ അല്ലെങ്കിൽ ശ്വാസകോശ സംബന്ധമായ പ്രശ്നങ്ങൾ വ്യക്തിക്ക് അനുഭവപ്പെടുന്നുണ്ടോ?
- വ്യക്തിക്ക് മോശം കാഴ്ചശക്തിയോ, നേത്ര രോഗങ്ങളോ ഉണ്ടോ?
- വ്യക്തിക്ക് പോഷകാഹാരക്കുറവ് ഉള്ളതായി തോന്നുന്നുണ്ടോ അല്ലെങ്കിൽ ഗുരുതരമായ ദന്ത രോഗങ്ങളുണ്ടോ?

BLUE CAMPAIGN
One Voice. One Mission. End Human Trafficking.